# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2113 — 06/02/2019-ൽ മറുപടിക്ക്

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | ചികിത്സാ ചെലവ് പരസ്യപ്പെടുത്തുന്നതിനുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ചികിത്സാ പരിശോധന സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിനുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018, 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്നു. ആദ്യഘട്ടമായി പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ അംഗീകൃത ചികിത്സാ സമ്പ്രദായമായ മോഡേൺ മെഡിസിന് (ദന്തചികിത്സ ഉൾപ്പെടെ) കീഴിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്കായി താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഇത് മറ്റ് ജില്ലകളിലേയ്ക്കും ഉടനെ വ്യാപിപ്പിക്കുന്നതാണ്. |
| ബി) | പ്രസ്തുത നിയമത്തിന്റെ ഭാഗമായി ആശുപത്രികളുടെ ഗ്രേഡ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോ? | ബി) | കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018, പ്രകാരം നടത്തുന്ന താൽക്കാലിക രജിസ്ട്രേഷൻ രണ്ടു വർഷത്തേയ്ക്ക് സാധുവായിരിക്കവേ, ഈ കാലയളവിൽ സ്ഥിരരജിസ്ട്രേഷനുവേണ്ടി ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കുകയും തരം തിരിക്കുകയും ഓരോ ഇനത്തിനും തരത്തിനും വേണ്ട നിലവാരങ്ങളും, ജീവനക്കാരുടെ യോഗ്യതകളും നിശ്ചിക്കുന്നതും ഇവ വിജ്ഞാപനം ചെയ്യുന്നതുമാണ്. |

സെക്ഷൻ ഓഫീസർ